(2)

നമ്പർ എ3-9042/2020. 2021 ജനുവരി 6.

കുന്നത്തൂർ താലൂക്കിൽ കുന്നത്തൂർ വില്ലേജിൽ ഐവർകാല പടിഞ്ഞാറ് തെക്ക് മുറിയിൽ അന്തിപുഴയ്ക്കൽ വീട്ടിൽ ബാലൻ പിള്ള 9-1-2020-ാം തീയതി മരണമടഞ്ഞതിനാൽ പരേതന്റെ പേരിലുള്ള വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് അവകാശ സർട്ടിഫിക്കറ്റിനുവേണ്ടി പരേതന്റെ മകൻ സുഭാഷ് ബി. പിള്ള അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. ഈ അപേക്ഷയിൻമേൽ കുന്നത്തൂർ വില്ലേജാഫീസർ മുഖാന്തിരം നടത്തിയ അന്വേഷണത്തിലും അവകാശ വിചാരണയിലും മരണ സർട്ടിഫിക്കറ്റ് പ്രകാരവും ബാലൻ പിള്ള 9-1-2020-ാം തീയതി മരണമടഞ്ഞതായും പരേതന്റെ അവകാശികളായി ചുവടെ ചേർക്കുന്നവർ മാത്രമാണുള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സുഭദ്രയമ്മ | ഭാര്യ | 63 |
| 2 | സുഭാഷ് ബി. പിള്ള | മകൻ | 37 |
| 3 | സുഷ എസ്. പിള്ള | മകൾ | 32 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.

മരണമടഞ്ഞ ബാലൻ പിള്ളയുടെ നിയമാനുസൃത അവകാശികൾ മേൽപ്പറഞ്ഞിരിക്കുന്ന 1 മുതൽ 3 വരെയുള്ള കക്ഷികൾ ആണെന്ന് വിവരിച്ച് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം കുന്നത്തൂർ തഹശീൽദാർ മുമ്പാകെ നേരിട്ട് രേഖാമൂലം സമർപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട സമയ പരിധി കഴിഞ്ഞും തപാലിലും ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കുന്നത്തൂർ. തഹശീൽദാർ.

## Pathanapuram Taluk

പരസ്യം

(1)

നമ്പർ എൻ2-207/2021. 2021 ജനുവരി 11.

പത്തനാപുരം താലൂക്കിൽ പുന്നല വില്ലേജിൽ പടയണിപ്പാറ എന്ന സ്ഥലത്ത് ഗുരുകുലം വീട്ടിൽ ലതിക വാസുക്കുട്ടി 4-11-2019-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്. പുനലൂർ യൂണിയൻ ബാങ്കിൽ ഹാജരാക്കുന്നതിനും മറ്റാവശ്യങ്ങൾക്കും വേണ്ടി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതയുടെ മകൾ പങ്കിമോൾ, വി. സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജ് ആഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെപ്പറയുന്നയാൾ പരേതയുടെ അവകാശിയാണെന്ന് അറിയുന്നു.

| അവകാശിയുടെ പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|
| പങ്കിമോൾ, വി. | മകൾ | 32 |

പരേതയുടെ ഭർത്താവും മാതാപിതാക്കളും ജീവിച്ചിരിപ്പില്ല. ആയതിനാൽ ടി പങ്കിമോൾ, വി. പരേതയുടെ ഏക അനന്തരാവകാശിയാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരളാ ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പത്തനാപുരം തഹശീൽദാർ മുമ്പാകെ രേഖകൾ സഹിതം നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും, തപാൽ മാർഗ്ഗം ലഭിക്കുന്നതുമായ ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ എൻ2-218/2021. 2021 ജനുവരി 11.

പത്തനാപുരം താലൂക്കിൽ പട്ടാഴി വടക്കേക്കര വില്ലേജിൽ മാലൂർ എന്ന സ്ഥലത്ത് പള്ളി തെക്കേതിൽ വീട്ടിൽ ബാബു, കെ. 4-2-2015-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്. പരേതന്റെ പേരിലുള്ള ആക്സിഡന്റ് ക്ലെയിം ലഭിക്കുന്നതിനും മറ്റാവശ്യങ്ങൾക്കും വേണ്ടി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ സുമ, ജി. സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജ് ആഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ താഴെപ്പറയുന്നവർ പരേതന്റെ അവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | അവകാശികളുടെ പേര് | മരണപ്പെട്ട കക്ഷിയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സുമ, ജി. | ഭാര്യ | 50 |
| 2 | അഞ്ജു, ബി. എസ്. | മകൾ | 33 |
| 3 | ലിബിൻ ബാബു | മകൻ | 30 |

പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. ആയതിനാൽ ക്രമ നമ്പർ (1) മുതൽ (3) വരെയുള്ള കക്ഷികൾ പരേതന്റെ അനന്തരാവകാശികളാണെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരളാ ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം പത്തനാപുരം തഹശീൽദാർ മുമ്പാകെ രേഖകൾ സഹിതം നേരിട്ട് ഹാജരായി ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും, തപാൽ മാർഗ്ഗം ലഭിക്കുന്നതുമായ ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
പത്തനാപുരം. തഹശീൽദാർ.

## Punalur Taluk

പരസ്യം

(1)

നമ്പർ ജി2-207/2021. 2021 ജനുവരി 5.

പുനലൂർ താലൂക്കിൽ തെന്മല വില്ലേജിൽ ഒറ്റക്കൽ പത്തേക്കർ അമ്പാടിയിൽ തമ്പി, ഡി. 14-2-2020-ാം തീയതി മരണപ്പെട്ടുപോയിട്ടുള്ളതാണ്. പരേതന്റെ ബാങ്ക് സംബന്ധമായ ആവശ്യത്തിനും, ഗോൾഡ് ലോൺ തിരിച്ചെടുക്കൽ തുടങ്ങിയ മറ്റ് ഇതര ആവശ്യങ്ങൾക്കുമായി അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ മകൾ ചിത്ര എസ്. തമ്പി സമർപ്പിച്ച